

# പർവേസ് മൻസൂറിന്റെ നിലപാട് യുക്തിഭദ്രമല്ല

'പരിസ്ഥിതിയും മൂല്യങ്ങളും -ഇസ്‌ലാമിക വീക്ഷണം' എന്ന എസ്. പർവേസ് മൻസൂറിന്റെ ലേഖനം (ജൂൺ 9 2007) ഉത്തരങ്ങളേക്കാൾ ചോദ്യങ്ങളാണ് മുന്നോട്ടുവെക്കുന്നത്. പ്രകൃതിയെക്കുറിച്ച ബൈബിളിന്റെയും ഖുർആന്റെയും വീക്ഷണങ്ങൾ തമ്മിൽ മൗലികാന്തരമുണ്ടെന്ന അദ്ദേഹത്തിന്റെ വാദം ഇനിയും തെളിയിക്കപ്പെടേണ്ടതുണ്ട്. "അന്വേഷണവും താരതമ്യവും നടത്താതെ ഈ വിഷയത്തിൽ ഖുർആന്റെയും ബൈബിളിന്റെയും നിലപാട് ഒന്നുതന്നെയാണെന്ന് സങ്കൽപിക്കുന്നതിന് നീതികരണമില്ല. ദൈവം, സൃഷ്ടിപ്പ്, മനുഷ്യൻ, ചരിത്രം, വെളിപാട് തുടങ്ങിയ പൊതുവായ 'ഏകദൈവത്വ പദാവലി'കളുള്ളതോടൊപ്പംതന്നെ മനുഷ്യന്റെ ആത്യന്തിക ലക്ഷ്യത്തെക്കുറിച്ചും പ്രകൃതിയുമായുള്ള അവന്റെ ബന്ധത്തെക്കുറിച്ചുമുള്ള ഖുർആനിക പ്രസ്താവനഗതിയിലും ക്രമത്തിലും മാത്രമല്ല, സത്തയിൽതന്നെ ബൈബിളിന്റേതിൽനിന്ന് ഭിന്നമാണ്"- അദ്ദേഹമെഴുതി. എന്താണ് ഭിന്നതയെന്ന് അദ്ദേഹം സൂചിപ്പിക്കുകപോലും ചെയ്തില്ല. 'ഈ വിഷയത്തിൽ ഖുർആന്റെയും ബൈബിളിന്റെയും നിലപാട്' മൗലികമായി ഭിന്നമാണ് എന്നതും 'അന്വേഷണവും താരതമ്യവും നടത്താതെ' സ്ഥാപിക്കാവതല്ല. ലേഖകൻ ലിൻവൈറ്റ് ജൂനിയറുടെ 'ദാർശനിക കണ്ടുപിടിത്തങ്ങളി'ൽ അതിരുകവിഞ്ഞ് ആകൃഷ്ടനായതു പോലെ തോന്നുന്നു. ബൈബിളിനെതിരെയുള്ള വൈറ്റിന്റെ ആരോപണങ്ങൾ അതേപടി ഖുർആനെതിരെയും തിരിച്ചുവെക്കാം: 'ബൈബിൾ പാരമ്പര്യ പ്രകാരം മനുഷ്യൻ പ്രകൃതിക്കുപരിയാണെന്ന്' വൈറ്റ് നൊമ്പരപ്പെടുമ്പോഴും 'മനുഷ്യൻ ദൈവത്തിന്റെ പ്രത്യേക സൃഷ്ടിയും പ്രകൃതിക്ക് മേൽ ആധിപത്യം ചെലുത്താൻ കൽപിക്കപ്പെട്ടവനുമാണ്' എന്ന് ബൈബിളിലെ ഉൽപത്തി അധ്യായവുമുദ്ധരിച്ച് വൈറ്റ് സ്ഥാപിക്കുമ്പോഴുമൊക്കെ പർവേസ് മൻസൂർ അദ്ദേഹത്തോട് യോജിക്കുന്ന പോലെ ധ്വനിപ്പിക്കുന്നു.

'ശാസ്ത്രത്തിന്റെയും സാങ്കേതികവിദ്യയുടെയും മതേതര ലോകത്തിന്റെയും ആവിർഭാവത്തിന്റെ മൂലകാരണം ബൈബിളിന്റെ ലോകവീക്ഷണമാണ്' എന്ന വൈറ്റിന്റെ ആരോപണം നമ്മുടെ ലേഖകൻ ചോദ്യം കൂടാതെ ഉദ്ധരിക്കുന്നു. 'പ്രകൃതിക്ക് മേലുള്ള മനുഷ്യന്റെ അനിയന്ത്രിതമായ ആധിപത്യത്തിന് അംഗീകാരം നൽകി'യതിന് ബൈബിളിനെയും ബൈബിൾ പരിചയപ്പെടുത്തുന്ന സൃഷ്ടികർത്താവിനെയും പ്രതിക്കൂട്ടിൽ കയറ്റുന്ന വൈറ്റിനെ നമ്മുടെ ലേഖകൻ നിരപരാധിയായി വിടുന്നു. ഒരു വിഷയത്തിൽ ഇസ്‌ലാമിന്റെ സാധുതയോ സത്യതയോ സ്ഥാപിക്കാൻ മറ്റൊരു മതത്തിന്റെയോ പ്രത്യയശാസ്ത്രത്തിന്റെയോ പ്രതികൂലികളുടെ പിന്തുണ തേടുന്നത് ഇരുതല മൂർച്ചയുള്ള പ്രക്രിയയായിരിക്കും. പ്രകൃതിയെ കീഴടക്കാനോ അതിനോട് മൽപിടിത്തം നടത്താനോ ബൈബിൾ ആഹ്വാനം ചെയ്യുന്നതായി തോന്നുന്നില്ല. ദാവീദിന്റെ സങ്കീർത്തനങ്ങൾ വായിക്കുന്ന ഒരാൾക്ക് തികച്ചും വിപരീതമായ പ്രതീതിയാണുണ്ടാവുക. ബൈബിളിലെ മൗലികമൂല്യങ്ങൾ ഖുർആൻ ശരിവെക്കുന്നുവെന്നതും ഇവിടെ ഓർക്കേണ്ടതാണ്.

**ടി.കെ ഇബ്റാഹീം, ടൊറണ്ടോ**

# ചൈനയിലെ എം.ബി.ബി.എസ്

'പരസ്യങ്ങളിൽ സൂക്ഷ്മത പുലർത്തണം' എന്ന തലക്കെട്ടിൽ അബ്ദുർറഹ്മാൻ അഹ്മദ് മാഹി എഴുതിയ കത്താണ്(ജൂൺ 23) ഈ കുറിപ്പിന് പ്രേരകം. 31.3.2007-ലെ *പ്രബോധനം* വാരികയിൽവന്ന കണ്ണൂർ മാസ്റ്റർ കൺസൾട്ടൻസിയുടെ MBBS IN CHINA എന്ന പരസ്യമാണ് അദ്ദേഹത്തെ പ്രകോപിപ്പിച്ചത്. ചൈന, റഷ്യ എന്നീ രാഷ്ട്രങ്ങളിൽ എം.ബി.ബി.എസ് പഠനം ആഗ്രഹിക്കുന്നവർക്ക് അതിന് വേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കും എന്നാണ് പരസ്യത്തിൽ പറയുന്നത്. അതിനപ്പുറം വിദേശപഠനങ്ങളുടെ മേന്മകളെ കുറിച്ചൊന്നും പ്രസ്തുത പരസ്യം പെരുമ്പറയടിക്കുന്നില്ല. ഈ സ്ഥാപനമാവട്ടെ ഗവൺമെന്റംഗീകൃതവും പരമാവധി മൂല്യനിഷ്ഠ പാലിക്കണമെന്നാഗ്രഹിക്കുന്ന വിജ്ഞാന സ്നേഹികളുടെ കൂട്ടായ്മയുമാണ്.

ചൈനയിലെയും റഷ്യയിലെയും എം.ബി.ബി.എസ് കോഴ്സുകൾക്ക് നിലവാരം കുറവാണെന്നും അവിടങ്ങളിലെ പഠന മാധ്യമം ഇംഗ്ലീഷ് അല്ലെന്നും കത്തിൽ പറയുന്നത് ശരിയല്ല. ഒന്നാമതായി ചൈന, റഷ്യ മെഡിക്കൽ കോഴ്സുകൾക്ക് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ(MCI)യുടെ അംഗീകാരം ഉണ്ട്. വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻ (WHO) അംഗീകരിച്ച സ്ഥാപനങ്ങൾക്ക് മാത്രമേ എം.സി.ഐ പച്ചക്കൊടി കാട്ടുകയുള്ളൂ. മാതൃഭാഷയോട് അങ്ങേയറ്റം മതിപ്പ് പുലർത്തുന്നവരാണ് ചൈനക്കാരും റഷ്യക്കാരുമെന്നതിനാൽ അവിടങ്ങളിൽ സ്വന്തം ഭാഷയിൽ തന്നെ വൈദ്യം പഠിക്കാൻ സൗകര്യമുണ്ടെന്നത് ശരിയാണ്. ഈ പരിമിതി ഉള്ളതിനാൽ ഞങ്ങളും ഇംഗ്ലീഷ് മാധ്യമമായി അംഗീകരിച്ച സ്ഥാപനങ്ങളിലേക്ക് മാത്രമേ വിദ്യാർഥികളെ വിടാറുള്ളൂ. എം.സി.ഐ അംഗീകരിച്ച സിലബസ്സാണ് ചൈനയിലും റഷ്യയിലും പഠിപ്പിക്കുന്നത്. കുട്ടികൾ ടെക്സ്റ്റ് ബുക്കുകൾ ഇവിടെ നിന്ന് വാങ്ങിയാണ് കൊണ്ടുപോകുന്നത്. കരിക്കുലവും ഒരുപോലെത്തന്നെ. പിന്നെ എം.സി.ഐയുടെ സ്ക്രീനിംഗ് ടെസ്റ്റിന്റെ 'സങ്കീർണത'യെക്കുറിച്ചാണ് കുറിപ്പുകാരന്റെ ഉത്കണ്ഠ. കേട്ടറിവിന്റെ പരിമിതി അറിയുന്നതിനാൽ അദ്ദേഹത്തെ കുറ്റപ്പെടുത്തുന്നില്ല. എം.സി.ഐ നടത്തുന്ന സ്ക്രീനിംഗ് ടെസ്റ്റ് ചൈന, റഷ്യ മെഡിക്കൽ കോഴ്സുകൾക്കുള്ള ആധികാരികത ഉറപ്പുവരുത്തുകയാണ് ചെയ്യുന്നത്. ഇതര വൈദ്യ വിദ്യാർഥികൾ നേരിടാത്ത ഒരു സങ്കീർണതയും ഇക്കാര്യത്തിൽ ചൈന, റഷ്യ കോഴ്സുകൾ പഠിച്ചവർക്ക് മാത്രമായിട്ടില്ല. വിദേശത്ത് എവിടെനിന്നും മെഡിക്കൽ കോഴ്സ് പഠിക്കുന്ന ഏതൊരു വിദ്യാർഥിക്കും സ്ക്രീനിംഗ് ടെസ്റ്റ് ബാധകമാണ്. വളരെ തുഛം ആളുകളേ ഈ ടെസ്റ്റിൽ തോറ്റിട്ടുള്ളൂ എന്നതാണ് ഇതുവരെയുള്ള അനുഭവം. തോറ്റാൽതന്നെ എഴുതി ജയിക്കാൻ വീണ്ടും അവസരമുണ്ട്. അതുപോലെ ചൈന, റഷ്യ ഉൾപ്പെടെ വിദേശ ഉപരിപഠനങ്ങൾക്കത്രയും എം.സി.ഐയുടെ എലിജിബിലിറ്റി സർട്ടിഫിക്കറ്റ് ആവശ്യമുണ്ട്. എലിജിബിലിറ്റി സർട്ടിഫിക്കറ്റിനുള്ള അപേക്ഷയിൽ പഠിക്കുന്ന സ്ഥാപനത്തിന്റെ പേര് കൃത്യമായി രേഖപ്പെടുത്തണം. അഥവാ നിലവാരമില്ലാത്ത സ്ഥാപനങ്ങളിലേക്ക് എം.സി.ഐ സർട്ടിഫിക്കറ്റ് നൽകുന്നില്ല.

STUDY MBBS IN USA, UK എന്നായിരുന്നു പരസ്യമെങ്കിൽ കത്തുകാരന് ഇങ്ങനെയൊരു സംശയമേ ഉണ്ടാകുമായിരുന്നില്ല. യഥാർഥത്തിൽ ചൈനീസ് യൂനിവേഴ്സിറ്റികളിലെ പഠനനിലവാരവും സാങ്കേതികമികവും ലോകത്തെ മറ്റേതൊരു മികച്ച ഉന്നത കലാലയത്തോടും കിട പിടിക്കുന്നതാണ്. ചൈനയിൽ മാത്രം ഇപ്പോൾ നാലായിരം ഇന്ത്യൻ വിദ്യാർഥികൾ പഠിക്കുന്നുണ്ട്.

നാമമാത്ര പരാതികൾ ചിലപ്പോൾ ഉണ്ടാകാം. അതുതന്നെ ചൈനയിലെ ഏറ്റവും മികച്ച യൂനിവേഴ്സിറ്റികളിൽ (ഉദാ: ചൈന മെഡിക്കൽ യൂനിവേഴ്സിറ്റി) പഠിക്കുന്ന കുട്ടികൾക്ക് തീർത്തും ഇല്ല എന്നു തന്നെ പറയാം. ഹൗസ് സർജൻസി ചൈനയിലോ ഇന്ത്യയിലോ പൂർത്തിയാക്കാനുള്ള സംവിധാനവും ഉണ്ട്.

ഇനി കാമ്പസുകളിലെ സദാചാര പ്രശ്നം. എന്തായാലും ഫ്രാൻസ്, ബ്രിട്ടൻ, അമേരിക്ക തുടങ്ങിയ രാഷ്ട്രങ്ങളോളം വരില്ല ചൈനയിലെയും റഷ്യയിലെയും സദാചാരത്തകർച്ച. എന്തിനധികം, കേരളത്തിലെയും ഇന്ത്യയിലെയും എത്ര കാമ്പസുകൾക്ക് അവകാശപ്പെടാനാവും സദാചാര സുരക്ഷിതത്വം? വിദേശത്ത് പോകുന്നവരെല്ലാം പിഴക്കുമെന്ന ധാരണ ശരിയല്ല. പിഴക്കാതിരിക്കാൻ വേണ്ടത് മൂല്യബോധമാണ്. അതുള്ളവർക്ക് ധൈര്യമായി എവിടെയും കടന്നു ചെല്ലാം. അല്ലാത്തവർ വാതിലടച്ച് വീട്ടിലിരുന്നാലും പിഴക്കും.

പരസ്യങ്ങൾ പ്രസിദ്ധീകരിക്കുന്നതിൽ ഏതു പ്രസിദ്ധീകരണത്തിനുമുണ്ട് ചില പരിമിതികൾ. എല്ലാ പരസ്യങ്ങളുടെയും പിന്നാമ്പുറം പൂർണമായി ചികഞ്ഞു മനസ്സിലാക്കാൻ അവർക്ക് സാധിച്ചെന്നുവരില്ല. അതിനാൽ പരസ്യങ്ങൾ കണ്ട ഉടൻ കയറെടുക്കുന്നതിനു പകരം അതിന്റെ നിജഃസ്ഥിതി അന്വേഷിക്കലാണ് ഉചിതമായ രീതി.

**ഫാറൂഖ് ഉസ്മാൻ**
**ചീഫ് കൺസൾട്ടന്റ്,**
**മാസ്റ്റർ കൺസൾട്ടൻസി, കണ്ണൂർ**

## ടി. മുഹമ്മദും ടി. മുഹമ്മദും

വൈക്കത്ത് ഇപ്പോൾ ഒരു മുഹമ്മദ് ബഷീർ ഉണ്ടായിക്കൂടെന്നില്ല. താൻ വൈക്കം മുഹമ്മദ് ബഷീറാണെന്ന് അദ്ദേഹത്തിന് അവകാശപ്പെടുകയുമാവാം. എന്നാൽ ആ പേരിൽ അദ്ദേഹം ഒരു കഥയെഴുതി പ്രസാധകർക്ക് അയച്ചുകൊടുക്കുകയും അതേ പേരിൽ തന്നെ അവരത് പ്രസിദ്ധീകരിക്കുകയും ചെയ്താൽ കഥാകൃത്തിനെക്കുറിച്ചും പ്രസാധകരെക്കുറിച്ചും എന്തു പറയണം?

പ്രശസ്ത ചരിത്രഗവേഷകനും പണ്ഡിതനും *പ്രബോധനം* പത്രാധിപരുമായിരുന്ന അന്തരിച്ച ടി. മുഹമ്മദിന്റെ അതേ പേരിൽതന്നെ അടുത്ത കാലത്തായി *പ്രബോധന*ത്തിൽ ചില ലേഖനങ്ങൾ വന്നുകൊണ്ടിരിക്കുന്നതിനാലാണീ കത്ത്.

സൈനുദ്ദീൻ മഖ്ദൂമുമാരെ കുറിച്ച് ഈയിടെ *പ്രബോധന*ത്തിൽ വന്ന തുടർലേഖനത്തിന്റെ റഫറൻസിൽ 'ടി. മുഹമ്മദിന്റെ പഠനങ്ങൾ' എന്ന് പറയുന്നുണ്ട്. ഇത് ഏത് ടി. മുഹമ്മദാണെന്ന് വായനക്കാർക്ക് സ്വാഭാവികമായും ആശയക്കുഴപ്പമുണ്ടാകും. *പ്രബോധനം* വെബ്സൈറ്റിൽ രണ്ട് ടി. മുഹമ്മദുമാരുടെയും പേരിൽ ലേഖനങ്ങൾ കാണുന്നു. ഒന്നുകിൽ സൈനുദ്ദീൻ മഖ്ദൂമുമാരുടെ പേരിന്റെ കൂടെയുള്ള പോലെ ഒന്നാമൻ, രണ്ടാമൻ എന്നിങ്ങനെ ചേർക്കുക. അല്ലെങ്കിൽ പരേതനായ ടി. മുഹമ്മദിന്റെ പേരിൽ ഇനി മാറ്റം വരുത്താൻ കഴിയാത്തതിനാൽ പുതിയ ലേഖകൻ മറ്റൊരു തൂലികാനാമം സ്വീകരിക്കുക.

പിതൃസഹോദര പുത്രന്നും തനിക്കും ഒരേ പേരായതിനാലായിരുന്നു കെ.ഇ കുഞ്ഞഹമ്മദ് ഒരക്ഷരം അധികം ചേർത്ത് കെ.ഇ.എൻ കുഞ്ഞഹമ്മദാക്കിയത് (*ഭാഷാപോഷിണി* 2007 ജൂൺ). ടി. ഇനീഷ്യലുള്ള മുഹമ്മദുമാരെല്ലാം അതേ പേരിൽ തന്നെ ലേഖനങ്ങളെഴുതിത്തുടങ്ങിയാൽ, നിലവിലെ ലേഖകന് അതിൽ പ്രശ്നമൊന്നുമില്ലെങ്കിൽ അദ്ദേഹത്തിന് ആ പേര് തുടരാം. പക്ഷേ, തങ്ങളുടെ ഒരു മുൻ പത്രാധിപരോട് കാണിക്കേണ്ട നീതിയുടെ ഭാഗമായി *പ്രബോധനം* പത്രാധിപർ ഇതിലൊരു തീരുമാനമെടുക്കണമെന്ന് ഉണർത്തുന്നു.

**ടി.കെ ഖാസിദ്, അലനല്ലൂർ**

## 'എന്റെ മരം നിങ്ങളുടെ വരം'

'പരിസ്ഥിതിയും മൂല്യങ്ങളും ഇസ്ലാമികവീക്ഷണം' എന്ന ലേഖനത്തിലൂടെ പ്രസക്തമായ ഒരു വിഷയമാണ് *പ്രബോധനം* ജനശ്രദ്ധയിൽ കൊണ്ടുവന്നിരിക്കുന്നത്. പ്രകൃതിയുടെ മേൽ കൈയേറ്റം നടത്തുന്നത് ആത്മഹത്യാപരമാണെന്ന് പരിസ്ഥിതിവാദികൾ ഉറക്കെ പറഞ്ഞുകൊണ്ടിരിക്കുന്നു. ഇസ്ലാം അത് പണ്ടേ ഉണർത്തിയതാണ്. ലോകാവസാനം ആസന്നമായെന്നറിഞ്ഞാൽ പോലും നീ നിന്റെ കൈയിലുള്ള വൃക്ഷത്തൈ നടുക എന്ന പ്രവാചകവചനത്തിന്റെ പൊരുളും പ്രസക്തിയും കൂടുതൽ ബോധ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇസ്ലാമിക ദർശനം എത്രമാത്രം പ്രകൃതിസ്നേഹത്തിലധിഷ്ഠിതമാണെന്ന് ഖുർആൻ സൂക്തങ്ങളും പ്രവാചകവചനങ്ങളും തെളിയിക്കുന്നുണ്ട്. അക്രമികളായ ഭരണാധികാരികളെ ഖുർആൻ ചിത്രീകരിക്കുന്നത് കൃഷിഭൂമി നശിപ്പിക്കുന്നവരായാണ്. സൂറഃ *അൽബഖറ* 205-ൽ പറയുന്നു: "സത്യനിഷേധികൾക്ക് അധികാരം ലഭിച്ചാൽ അവർ ഭൂമിയിൽ കുഴപ്പമുണ്ടാക്കാനാണ് ശ്രമിക്കുക. അവർ കൃഷി നശിപ്പിക്കും. മനുഷ്യകുലത്തെ കൊന്നൊടുക്കും. എന്നാൽ, അല്ലാഹു കുഴപ്പം ഇഷ്ടപ്പെടുന്നില്ല." അക്രമികളായ ഭരണാധികാരികളെ നേരിടാൻ പുറപ്പെടുന്ന പോരാളികൾക്ക് ഖലീഫാ അബൂബക്ർ നൽകുന്ന നിർദേശം ഇങ്ങനെ: "കായ്ക്കുന്ന മരങ്ങൾ മുറിക്കരുത്. വൃക്ഷങ്ങൾ നശിപ്പിക്കരുത്. പാർപ്പിടങ്ങളിൽനിന്ന് ആളുകളെ ഒഴിപ്പിക്കരുത്."

പരിസ്ഥിതിനാശം വരുത്തുന്ന പ്രവർത്തനങ്ങളിൽനിന്ന് പിന്മാറണമെന്ന് ലോകരാഷ്ട്രങ്ങൾ അമേരിക്കയോട് ആവശ്യപ്പെട്ടെങ്കിലും ധിക്കാരപൂർവം നിരസിക്കുകയാണ് ബുഷ്ഭരണകൂടം ചെയ്തത്. വർണഡംഭും അധികാരത്തിന്റെ അഹന്തയും സമ്പന്നതയുടെ ഗർവുമാണ് ബുഷ് ഭരണകൂടത്തെ ഗ്രസിച്ചിരിക്കുന്നത്. മനുഷ്യസ്നേഹത്തിന്റെയും ഗുണകാംക്ഷയുടെയും വിനയം അതിന് അന്യമാണ്. ഇന്ന് പ്രകൃതിയെയും മനുഷ്യനെയും ഏറ്റവുമധികം ദ്രോഹിക്കുകയും പീഡിപ്പിക്കുകയും ചെയ്യുന്ന ദുഷ്ടശക്തികളായിരിക്കുകയാണ് അമേരിക്കയും ഇസ്രയേലും.

മതമൂല്യങ്ങൾ വലിച്ചെറിഞ്ഞ് പാശ്ചാത്യസംസ്കാരം പകരം പ്രതിഷ്ഠിച്ചത് അധർമവും അക്രമവാസനയുമാണെന്ന് ലോകം തിരിച്ചറിഞ്ഞിരിക്കുന്നു. സ്വർണ കിരീടമാണെന്ന് ധരിച്ച് ആധുനിക മനുഷ്യൻ തലയിൽ ചൂടിയിരിക്കുന്നത് തീക്കുടുക്കയത്രെ. പാശ്ചാത്യ സംസ്കാരത്തിന്റെ പിന്നാലെ പാഞ്ഞവർ തീർത്തും വഞ്ചിക്കപ്പെട്ടിരിക്കുന്നു.

ഇന്ന്, കേരളത്തിലെ പിഞ്ചുകുഞ്ഞുങ്ങൾ വിദ്യാഭ്യാസവകുപ്പിന്റെ മേൽനോട്ടത്തിൽ ലക്ഷക്കണക്കിന് വൃക്ഷത്തൈകൾ വെച്ചുപിടിപ്പിച്ചുകൊണ്ട് മുൻതലമുറ ചെയ്ത പാപത്തിന് പ്രായശ്ചിത്തം ചെയ്യാൻ പ്രതിജ്ഞയെടുത്തിരിക്കുകയാണ്. ഒരു വൃക്ഷത്തൈ നടുക എന്നത് ലളിതമായ ഒരു കർമമാണെങ്കിലും മഹത്തായ ഒരു ധർമമാണ് അതുവഴി നിർവഹിക്കപ്പെടുന്നത്. 'നീ പ്രകൃതിയോടും മനുഷ്യനോടും ഇണങ്ങുകയും സ്നേഹിക്കുകയും ചെയ്യണമെന്നും ഭൂമിയുടെ നാശത്തിനു കാരണമാകുന്ന ഒന്നും നിന്റെ ഭാഗത്തുനിന്നുണ്ടാവരുതെന്നും' ഈ കർമം മനുഷ്യനെ ഓർമപ്പെടുത്തുന്നു.

ഓരോ വ്യക്തിയും വെച്ചുപിടിപ്പിക്കുന്ന മരങ്ങളും ചെടികളും അവനു മാത്രമല്ല, മനുഷ്യരാശിക്കാകമാനം പ്രയോജനപ്പെടുന്നു. 'എന്റെ മരം' എന്ന മുദ്രാവാക്യം 'നിങ്ങളുടെ വരം' എന്ന മഹത്തും വിശാലവുമായ മൂല്യവും കൂടി ഉൾക്കൊള്ളുന്നു. പ്രകൃതിയുമായി മനുഷ്യൻ എത്രമാത്രം ഇണങ്ങുന്നുവോ അത്രമാത്രം അവൻ ഖുർആനിക ദർശനവുമായി അടുക്കുകയും താദാത്മ്യം പ്രാപിക്കുകയുമാണ് ചെയ്യുന്നത്.

**കെ.പി ഇസ്മാഈൽ, കണ്ണൂർ**